**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 11, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## അറിയിപ്പ്

### നിയമസഭാ നടപടികളുടെ ഷൂട്ടിംഗ്

മി. സ്പീക്കർ : നിയമസഭാ മ്യൂസിയത്തിൽ പ്രദർശിപ്പിക്കുന്നതിനായി 'നിയമസഭയിൽ ഒരു ദിവസം' എന്ന ഹ്രസ്വചിത്രം നിർമ്മിക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി ഇന്നും നാളെയും ഗ്യാലറിയിൽനിന്നും നിയമസഭാ നടപടി ഷൂട്ട് ചെയ്യുന്നതിനുള്ള അനുമതി നൽകിയ വിവരം അംഗങ്ങളെ അറിയിക്കുന്നു.

## ശ്രദ്ധ ക്ഷണിക്കൽ

### (1) പട്ടയം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ബി.ഡി. ദേവസ്സി : തൃശ്ശൂർ ജില്ലയിലെ മലയോര കർഷകർക്ക് പട്ടയം നൽകുന്ന നടപടി സ്തംഭനാവസ്ഥയിലാണ്. കേന്ദ്രാനുമതി ലഭിച്ച രണ്ടായിരത്തോളം അപേക്ഷകളിന്മേൽ പട്ടയം അനുവദിക്കുന്നതിനും സംയുക്ത പരിശോധന നടത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അനുമതി നേടിയെടുക്കുന്നതിനും ഇനിയും അപേക്ഷ നൽകാനുള്ളവർക്ക് അതിന് അവസരം നൽകുന്നതിനും നടപടി സ്വീകരിക്കണം. ആയിരത്തോളം വരുന്ന മേച്ചിൽപ്പുറ നിവാസികൾക്ക് പട്ടയം നൽകുന്നതിന്റെ ഭാഗമായി നോട്ടിഫിക്കേഷന് സമർപ്പിച്ച 152 അപേക്ഷകളുടെ നടപടി പൂർത്തീകരിക്കുകയും ബാക്കി അപേക്ഷകർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുകയും വേണം. പുളിയിലപ്പാറയിൽ 50 വർഷങ്ങളായി താമസിച്ചുവരുന്ന 116 കുടുംബങ്ങൾക്കും വർഷങ്ങളായി പുറമ്പോക്കുഭൂമിയിൽ താമസിക്കുന്നവർക്കും ജില്ലയിൽ സുനാമി ദുരിതാശ്വാസത്തിൽപ്പെടുത്തി വീട് നിർമ്മിച്ച് നൽകിയ അഞ്ഞൂറോളം പേർക്കും പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കണം. ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുമന്ത്രിമാർ, എം.എൽ.എ.മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ച് ജില്ലാടിസ്ഥാനത്തിൽ യോഗം ചേരുന്നതിനും പട്ടയ വിതരണം ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : തൃശ്ശൂർ ജില്ലയിലെ പുറമ്പോക്കുഭൂമിയുടെ പട്ടയത്തിനായി ലഭിച്ച അപേക്ഷകളിൽ നടത്തിയ സൂക്ഷ്മ പരിശോധനയിൽ ചില അപേക്ഷകൾ മറ്റു വകുപ്പുക

ളുമായി ബന്ധപ്പെട്ടതും നിയമപ്രകാരം പതിച്ചുനൽകാൻ നിർവ്വാഹമി ല്ലാത്തതും മറ്റുവകുപ്പുകളിൽനിന്ന് പുനഃസ്ഥാപിച്ച് ലഭിക്കേണ്ടതുമാണ്. നിലവിലുള്ള നിയമപ്രകാരം പതിച്ചുനൽകാവുന്ന ഭൂമിയാണെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. 2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിന് 'Zero Landless Kerala 2015' എന്ന പദ്ധതി സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. 01-01-1977-നുമുമ്പ് വനഭൂമി കയ്യേറിയ വർക്ക് നിലവിലുള്ള നിയമമനുസരിച്ച് കേന്ദ്രാനുമതി ലഭിച്ചതിനുശേഷമേ പട്ടയം നൽകാൻ കഴിയൂ. കേന്ദ്രാനുമതി ലഭിച്ച ലിസ്റ്റ് പ്രകാരം നിയമാ നുസൃതം അപേക്ഷ ലഭ്യമാക്കി വിശദമായ പരിശോധന നടത്തിയശേഷം പട്ടയം നൽകിവരുന്നുണ്ട്. കേന്ദ്രാനുമതി ആവശ്യമായ അപേക്ഷകളിൽ റവന്യൂ, വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി പട്ടയം നൽകുന്ന തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുമന്ത്രിമാർ, എം.എൽ.എ.മാർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുടെ യോഗം ഈ നിയമസഭാ സമ്മേളനകാലയളവിൽത്തന്നെ വിളിക്കുന്നതാണ്.

## (2) കടൽഭിത്തികൾ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : കേരളത്തിലെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ കടലാക്രമണം തടയുന്നതിന് പുലിമുട്ടോടു കൂടിയ കടൽഭിത്തി നിർമ്മിക്കണം. കൊച്ചിയിൽ നേവിയുടെ ആസ്ഥാനമായ ഐ.എൻ.എസ്. ദ്രോണാചാര്യയുടെ ആഭിമുഖ്യത്തിൽ നിർമ്മിച്ചതു പോലെയുള്ള കടൽഭിത്തി ഫോർട്ട് കൊച്ചി മുതൽ അന്ധകാരനഴി വരെയുള്ള

തീരപ്രദേശത്ത് വിവിധ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമാക്കി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): കടൽ ഭിത്തികൾ കടലാക്രമണത്തെ തടയാൻ അപര്യാപ്തമാണെന്ന് കണ്ടെത്തിയതിനാലാണ് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിച്ചത്. ഇത്തരത്തിലുള്ള ഒന്നാണ് ഫോർട്ട് കൊച്ചിയിലെ ഐ.എൻ.എസ് ദ്രോണാചാര്യയുടെ തീരപ്രദേശത്ത് നിർമ്മിച്ചിരിക്കുന്ന പുലിമുട്ടോടുകൂടിയുള്ള കടൽഭിത്തി. ഓരോ തീരത്തിന്റേയും സവിശേഷത അനുസരിച്ച് ആവശ്യമായ പുലിമുട്ടുകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. 12-ാം ധനകാര്യ കമ്മീഷന്റെ സഹായത്തിൽ പതിനൊന്ന് പുലിമുട്ടുകളും സുനാമി ഫണ്ട് ഉപയോഗിച്ച് പതിനാല് പുലിമുട്ടുകളും പൂർത്തിയാക്കിയിട്ടുണ്ട്. കണ്ടേക്കാട്-മാലാഖപ്പടിയിൽ ഐ.ഐ.റ്റി.-യുടെ ഡിസൈൻ പ്രകാരം 2 ബൾബ് ഗ്രോയിനുകളും കണ്ണമാലി തീരപ്രദേശത്ത് ഒരു 'റ്റി' ഗ്രോയിനും ചെയ്തിട്ടുണ്ട്. തീരപ്രദേശത്തെ പുലിമുട്ടുകളുടെ നിർമ്മാണത്തിന് 750 കോടി രൂപയുടെ സമഗ്ര പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രാനുമതിയും ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പുലിമുട്ടുകളുടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലുടനീളം 571 കീ.മീ. നീളത്തിലുള്ള കടലോരത്തിന് പുലിമുട്ട് ഫലപ്രദമായ പരിഹാരമെന്ന് കണ്ടെത്തിയതിനാലാണ് ഈ പദ്ധതിയുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചത്. ഈ പദ്ധതിക്കാവശ്യമായ ധനസഹായം കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കാൻ എല്ലാവരും ഒത്തൊരുമിച്ച് ശ്രമിക്കണം.

## സബ്മിഷൻ

### (1) പ്ലസ്ടു വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോകാനുള്ള ശ്രമം

ശ്രീമതി പി.അയിഷാ പോറ്റി: 08-07-2012-ന് തിരുവനന്തപുരം തൈക്കാട് സംഗീതകോളേജിനുസമീപം ട്യൂഷൻ കഴിഞ്ഞ് മടങ്ങുകയായിരുന്ന വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടുപോകാൻ ശ്രമം നടത്തുകയും കരച്ചിൽ കേട്ട് ആൾക്കാർ ഓടിക്കൂടി പ്രതിയെ പിടിച്ചതുകൊണ്ട് കുട്ടി രക്ഷപ്പെട്ട സംഭവമുൾപ്പെടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന മുഴുവൻ അക്രമങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും അവർക്ക് മതിയായ സുരക്ഷിതത്വം നൽകാൻ നിലവിലുള്ള നിയമം കർശനമായി പാലിക്കപ്പെടുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർക്കാർ സ്വീകരിച്ച നടപടികളുടെ ഫലമായി സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ കുറഞ്ഞിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 08-07-2012-നുണ്ടായ സംഭവത്തിൽ പ്രതിയെ അറസ്റ്റ് ചെയ്യുകയും മേൽനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 63,200 അന്യസംസ്ഥാന തൊഴിലാളികളുടെ പേരുകൾ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുകയും ശേഷിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികൾ വേഗത്തിലാക്കാൻ ശ്രമിക്കുന്നുമുണ്ട്. സ്ത്രീകളുടെ സുരക്ഷിതത്വത്തിനായി പ്രത്യേക നിയമം കൊണ്ടുവരാനുള്ള അണിയറ പ്രവർത്തനങ്ങൾ നടക്കുകയാണ്. കൗമാരക്കാരായ പെൺകുട്ടികളുടെ സുരക്ഷിതത്വത്തിന് നിയമ

പരമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അക്രമങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്യും.

**(2) എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന സത്യാഗ്രഹം**

(പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

ശ്രീ. ടി.എൻ. പ്രതാപൻ: എൻഡോസൾഫാൻ ദുരിതബാധിതരുടെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി 2012 ഏപ്രിൽ 20 മുതൽ കാസർഗോഡ് കളക്ടറേറ്റിനുമുന്നിൽ നടത്തുന്ന സത്യാഗ്രഹം അവസാനിപ്പിക്കാൻ അവരുമായി ചർച്ച നടത്താൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): എൻഡോസൾഫാൻ ദുരിതബാധിതർക്ക് സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ സംസ്ഥാനത്തിനകത്ത് എംപാനൽ ചെയ്യപ്പെട്ട 11 സർക്കാർ ആശുപത്രികളിലും മംഗലാപുരം മെഡിക്കൽകോളേജിലും സൗജന്യ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനോടകം 3720 രോഗികൾക്ക് സ്മാർട്ട് കാർഡുകൾ നൽകിയിട്ടുണ്ട്. മൊബൈൽ മെഡിക്കൽ യൂണിറ്റുകൾവഴി 11 ഗ്രാമ പഞ്ചായത്തുകളിലായി പ്രത്യേക സാന്ത്വന പരിചരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ സഹായത്തോടെ ഇവരുടെ കടബാധ്യത സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതാണ്. രോഗം ബാധിച്ച് മരണമടഞ്ഞ 734 പേരുടെ

കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ഒരു ലക്ഷം രൂപ വീതം നൽകിയതുൾപ്പെടെ 5 ലക്ഷം രൂപ വീതം നൽകാനും പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യ മുള്ളവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകാനും ഉത്തരവായിട്ടുണ്ട്. ദുരിതബാധിത കാറ്റഗറി 1, 2 എന്നിവയിൽപ്പെട്ടവർക്ക് പ്രതിമാസം 2000 രൂപയും കാറ്റഗറി 3-ൽപ്പെട്ടവർക്ക് 1000 രൂപയും സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി നൽകുന്നുണ്ട്. എൻ.ആർ.എച്ച്.എം.-ന്റെ ആഭിമുഖ്യത്തിൽ 6 പ്രാഥമിക സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പി ച്ചിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ദുരിത ബാധിത പ്രദേശങ്ങളിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യമായ സൗകര്യ ങ്ങൾ ഏർപ്പെടുത്തുന്നതാണ്. കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിക്കുകയും ചുവപ്പ്, മഞ്ഞ ലേബലിലുള്ള കീടനാശിനികൾ നിരോധി ക്കുകയും ചെയ്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്ന ങ്ങൾ ചർച്ച ചെയ്യുന്നതിന് കാസർഗോഡ് ജില്ലയിലെ 5 എം.എൽ.എ.മാരെയും വിളിച്ച് യോഗം കൂടുന്നതാണ്.

### (3) ശബരി റെയിൽപാത

ശ്രീ. സാജു പോൾ: ശബരി റെയിൽപാത നിർമ്മാണത്തിന്റെ സ്ഥലം ഏറ്റെടുപ്പ് പൂർത്തിയാക്കാനും ഏറ്റെടുത്ത സ്ഥലങ്ങൾക്കുള്ള നഷ്ട പരിഹാരത്തുക ലഭ്യമാക്കാനും പദ്ധതിക്കായി 150 കോടി രൂപ ലഭ്യമാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ശബരി റെയിൽപാതയ്ക്ക് എറണാകുളം ഭാഗത്ത് 30 ഹെക്ടർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയെ ഏൽപ്പിക്കുകയും 40 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഏറ്റെടുത്ത സ്ഥലത്തിന് റെയിൽവേ നഷ്ടപരിഹാരം നൽകിയിട്ടില്ലാത്തതിനാൽ സ്ഥലം നഷ്ടപ്പെട്ടവർ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. കോട്ടയം, ഇടുക്കി ജില്ലകളിലെ സ്ഥലമെടുപ്പ് നടത്തേണ്ടതുണ്ട്. പദ്ധതിച്ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കണമെന്നാണ് റെയിൽവേ നിർദ്ദേശിച്ചിരിക്കുന്നത്. ഇക്കാര്യത്തിലുള്ള അതൃപ്തി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

**(4) താനൂരിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജ്**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : മലപ്പുറം ജില്ലയിലെ താനൂരിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഇതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ടെന്നുമാത്രമല്ല ഇതിലേയ്ക്കാവശ്യമായ സ്ഥലം താനൂർ ഫിഷറീസ് ഹയർ സെക്കന്ററി സ്ക്കൂളിലും കാട്ടിലങ്ങാടി ഹയർ സെക്കന്ററി സ്ക്കൂളിലും ലഭ്യമാക്കാവുന്നതും കെട്ടിടം എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാവുന്നതുമാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർക്കാർ പുതിയ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിനുള്ള നയപരമായ തീരുമാനമെടുക്കുന്ന അവസരത്തിൽ താനൂരിന് മുന്തിയ പരിഗണന നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഒരു കോളേജുമില്ലാത്ത നിയോജക മണ്ഡലമായതിനാലും സ്ഥലവും കെട്ടിടവും വാഗ്ദാനം നൽകിയ സാഹചര്യത്തിലും ഇക്കാര്യം അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

**(5) അന്ധ-ബധിര-മൂക വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ**

ശ്രീ. ബാബു എം. പാലിശ്ശേരി: സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന അന്ധ-ബധിര-മൂക സ്പെഷ്യൽ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന മെസ്സ്, യൂണിഫോം, പഠന സാമഗ്രികൾ എന്നിവയ്ക്കുള്ള അലവൻസ് കാലോചിതമായി പരിഷ്ക്കരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സംസ്ഥാനത്തെ അന്ധ-ബധിര-മൂക സ്പെഷ്യൽ സ്ക്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മെസ്സ് അലവൻസായി പ്രതിമാസം 750 രൂപയും യൂണിഫോം അലവൻസായി പ്രതിവർഷം 750 രൂപയും പഠന സാമഗ്രികൾ വാങ്ങുന്നതിന് എൽ.പി.-യു.പി. വിഭാഗങ്ങളിലെ കുട്ടികൾക്ക് 50 രൂപ, 90 രൂപ എന്ന ക്രമത്തിലും ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് വർഷത്തിൽ മൂന്ന് തവണ വീട്ടിൽ പോയിവരുന്നതിനുള്ള യാത്രാബത്തയും നൽകി വരുന്നുണ്ട്. സ്പെഷ്യൽ സ്ക്കൂളുകളിൽ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന മെസ് അലവൻസ് 1500 രൂപയായി വർദ്ധിപ്പി ക്കുന്നതിനെക്കുറിച്ച് ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്. യൂണിഫോം, പഠന സാമഗ്രി എന്നിവയ്ക്കുള്ള അലവൻസും കാലോചിതമായി പരിഷ്ക്കരി ക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

**(6) ശ്രീനാരായണ ഗുരുദേവ പ്രതിമ**

ശ്രീമതി ജമീലാ പ്രകാശം: കോവളം നിയോജകമണ്ഡലത്തിലെ പനപ്പഴിഞ്ഞിയിൽ ശ്രീനാരായണ ഗുരുദേവ പ്രതിമ നശിപ്പിച്ച കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): വിഴിഞ്ഞം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട മന്നോട്ടു കോണം എസ്.എൻ.ഡി.പി. 1256-ാം നമ്പർ പനപ്പഴിഞ്ഞി ശാഖയുടെ കീഴിൽ സ്ഥാപിച്ചിരുന്ന ശ്രീനാരായണ ഗുരുദേവ മണ്ഡപവും ഗുരുദേവ പ്രതിമയും 18-06-2012-ന് പുലർച്ചെ അടിച്ചുതകർക്കപ്പെട്ടതായി പരാതി ലഭിച്ചതനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ഒരു ഉന്നത പോലീസുദ്യോഗസ്ഥൻ സംഭവസ്ഥലം സന്ദർശിച്ച് അന്വേഷണത്തിന് നേതൃത്വം നൽകുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണ്.

**(7) കാസർഗോഡ് ഗവൺമെന്റ് കോളേജിലെ അക്രമം**

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): കാസർഗോഡ് ഗവൺമെന്റ് കോളേജിലെ മൂന്നാം വർഷ ബി.എ. (ഇംഗ്ലീഷ്) വിദ്യാർത്ഥിനി കുമാരി ഖദീജത്ത് സുലൈഖയേയും സഹപാഠിയേയും ആക്രമിച്ചവർക്കെതിരെയും കാസർഗോഡ് ജില്ലയിലാകെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെയും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : കാസർഗോഡ് ഗവൺമെന്റ് കോളേജിൽ എസ്.എഫ്.ഐ. പ്രസിഡന്റിനേയും യൂണിയൻ സെക്രട്ടറിയേയും കളിയാക്കിയതുമായി ബന്ധപ്പെട്ട് ചില അനിഷ്ട സംഭവങ്ങൾ ഉണ്ടാവുകുയും അതിൽ

പ്രതിഷേധിച്ച് 04-07-2012-ൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ സമരം പ്രഖ്യാപിക്കുകയും പ്രതിഷേധ പ്രകടനം നടത്തുകയുമുണ്ടായി. ഇതിനെ ത്തുടർന്ന് എം.എസ്.എഫ്.-എസ്.എഫ്.ഐ. വിദ്യാർത്ഥികൾ തമ്മിൽ സംഘർഷമുണ്ടാവുകയും പരിക്കേറ്റ് ചില വിദ്യാർത്ഥികൾ ആശുപത്രിയിൽ ചികിൽസയിലുമാണ്. ഈ രണ്ടു സംഭവങ്ങളുടേയും പേരിൽ ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പ്രതികളിൽ ചിലരെ അറസ്റ്റ് ചെയ്തിട്ടുണ്ട് മറ്റുള്ളവരെ അറസ്റ്റ് ചെയ്യുന്നതിന് ഊർജ്ജിതശ്രമം തുടരുന്നു.

**(8) ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയ ജില്ല**

ശ്രീ. തോമസ് ഉണ്ണിയാടൻ : തൃശൂർ ജില്ലയിലെ ജനസംഖ്യാനുപാതവും ഭൂവിസ്തൃതിയും കണക്കിലെടുത്ത് ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയ ജില്ല രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വിശദമായ പഠനം നടത്തിയശേഷം സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്ത് ഇരിങ്ങാലക്കുട കേന്ദ്രമാക്കി പുതിയ ജില്ല രൂപീകരിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**(9) മൂവാറ്റുപുഴ താലൂക്കിലെ റീ-സർവ്വേ**

ശ്രീ. ജോസഫ് വാഴയ്ക്കൻ : മൂവാറ്റുപുഴ താലൂക്കിൽ റീ-സർവ്വേ നടപടികൾ പുനരാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : വില്ലേജുകളുടെ റീ-സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടി വന്നതിനാലും ജീവനക്കാരുടെ അഭാവംമൂലവും മൂവാറ്റുപുഴ താലൂക്കിലെ

റീ-സർവ്വേ നിറുത്തിവയ്ക്കേണ്ടിവന്നിട്ടുണ്ട്. സർവ്വേ വകുപ്പിൽ ആവശ്യമായ ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് റീസർവ്വേ നടപടികൾ പുനരാരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

### (10) <u>ധനസഹായം</u>

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u> : കയ്പമംഗലം നിയോജകമണ്ഡലത്തിലെ മതിലകം ഗ്രാമപഞ്ചായത്തിൽ ഒരു പീടിക കെട്ടിടം പൊളിച്ചു മാറ്റുന്നതിനിടെ മരണമടഞ്ഞ രണ്ട് തൊഴിലാളികളുടെ കുടുംബങ്ങൾക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u> : കൊടുങ്ങല്ലൂർ താലൂക്കിലെ പുള്ളിമുട്ടം വില്ലേജിൽ 09-07-2012-ന് ഒരു പീടിക കെട്ടിടം പൊളിച്ചുമാറ്റുന്നതിനിടെ മരണമടഞ്ഞ രണ്ട് തൊഴിലാളികൾ പരമാവധി ധനസഹായത്തിന് അർഹതയുള്ളവരാണെന്ന് തൃശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അടിയന്തിര സഹായം നൽകിയിട്ടുണ്ട്. അനുബന്ധ രേഖകൾ ലഭിച്ചാലുടൻ രണ്ട് ലക്ഷം രൂപ വീതം നൽകാൻ പ്രത്യേക തീരുമാനം കൈക്കൊള്ളുന്നതാണ്.

### (11) <u>ആറ്റിങ്ങൽ ചവർ സംസ്കരണ ഫാക്ടറി</u>

<u>ശ്രീ. ബി. സത്യൻ</u> : ആറ്റിങ്ങൽ നഗരസഭയുടെ ചവർ സംസ്കരണ ഫാക്ടറിക്ക് ആവശ്യമായ ധനസഹായം അനുവദിക്കാനും ശുചിത്വ മിഷന്റെ സഹായത്തോടെ പുതിയ പ്രോജക്ടുകൾക്ക് രൂപം നൽകി ഒരു മോഡൽ റിസർച്ച് സെന്ററായി ഉയർത്താനും നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : ആറ്റിങ്ങൽ നഗരസഭയുടെ ചവർ സംസ്കരണ ഫാക്ടറിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പുമന്ത്രി 29-02-2012-ൽ വിളിച്ചുചേർത്ത യോഗത്തിൽ പ്ലാന്റിന്റെ നവീകരണത്തിന് 99.48 ലക്ഷം രൂപയും വീടുകളിൽ ഉറവിട മാലിന്യസംസ്കരണത്തിന് 24.35 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. ചവർ സംസ്കരണ ഫാക്ടറിക്ക് കൂടുതൽ ധനസഹായം അനുവദിക്കുന്നതിനെക്കുറിച്ചും ഒരു മോഡൽ റിസർച്ച് സെന്ററാക്കുന്നതിനെക്കുറിച്ചും പരിശോധിക്കുന്നതാണ്.

**(12) അർത്തുങ്കൽ ഫിഷറീസ് ഹാർബർ**

ശ്രീ. പി. തിലോത്തമൻ : ചേർത്തലയിലെ അർത്തുങ്കൽ ഫിഷറീസ് ഹാർബർ യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.കെ. ബാബു) : അർത്തുങ്കൽ ഫിഷറീസ് ഹാർബറിന്റെ പുതുക്കിയ റിപ്പോർട്ട് ഹാർബർ എൻജിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിയുടെ 25 ശതമാനം ചെലവ് സംസ്ഥാന സർക്കാർ വഹിക്കാമെന്ന ഉറപ്പോടെ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിക്കേണ്ടതുണ്ട്. കേന്ദ്രത്തിൽനിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് അതിവേഗം നടപ്പിലാക്കുന്നതാണ്

**(13) നാലുവരിപ്പാതയുടെ സർവ്വേ നടപടികൾ**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : ദേശീയപാത 41-ൽ നടപ്പിലാക്കുന്ന നാലുവരിപ്പാതയുടെ സർവ്വേനടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ദേശീയപാതയുടെ വികസനത്തിനായി തലപ്പാട് മുതൽ കുറ്റിപ്പുറം വരെ മൂന്ന് പാക്കേജുകൾക്കുള്ള സ്ഥലമെടുപ്പ് സംബന്ധിച്ച നിയന്ത്രണം 04-11-2011-ൽ നീക്കിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ സ്ഥലമെടുപ്പുനടപടികൾ പുരോഗതി യിലാണ്. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ സ്ഥലമെടുപ്പ് സംബന്ധിച്ച് കോഴിക്കോട് ജില്ലാകളക്ടർ തയ്യാറാക്കിയ പാക്കേജ് 21-07-2012-ൽ ഉപദേശക സമിതി മുമ്പാകെ അവതരിപ്പിക്കുന്നതാണ്. കൊയിലാണ്ടി ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. സ്ഥലമെടുപ്പ് നടപടികൾ എത്രയുംവേഗത്തിൽ പൂർത്തിയാക്കി ദേശീയപാത 17-ന്റെ വികസനം യാഥാർത്ഥ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കു ന്നതാണ്.

## (14) പഞ്ചായത്തുകളുടെ വിഭജനം

ശ്രീ. സി. മമ്മൂട്ടി: സെൻസസിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് വിഭജനം നടത്താൻ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): തദ്ദേശഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാക ണക്കുകൾ പ്രസിദ്ധപ്പെടുത്തിയതിനുശേഷം സർക്കാർ നിശ്ചയിക്കുന്ന മാന ദണ്ഡങ്ങൾക്ക് അനുസൃതമായി പഞ്ചായത്തുകൾ വിഭജിക്കാനാണ് ആലോചിക്കുന്നത്.

## ക്രമപ്രശ്നം

### യു.ഡി.എഫ്. രൂപീകരിച്ച കമ്മിറ്റി

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : പാട്ടക്കാലാവധി കഴിഞ്ഞ സ്വകാര്യ എസ്റ്റേറ്റുകളെപ്പറ്റി പഠിക്കുന്നതിന് ചീഫ് വിപ്പുകൂടി അംഗമായി യു.ഡി.എഫ്. ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത് അറിയില്ലെന്നാണ് വനം വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകിയിട്ടുള്ളത്. ഇതുസംബന്ധിച്ച സത്യാവസ്ഥ വ്യക്തമാക്കണം.

ശ്രീ. എ.കെ. ബാലൻ : 10-07-2012-ൽ സഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയ ചർച്ചയ്ക്കിടയിൽ നെല്ലിയാമ്പതി മേഖലയിലെ എസ്റ്റേറ്റുകൾ ഉൾപ്പെടെ പാട്ടക്കരാർ ലംഘിച്ച സ്വകാര്യ തോട്ടങ്ങൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കാനായി യു.ഡി.എഫ്. നിയോഗിച്ച കമ്മിറ്റി നിലവിലില്ല എന്ന് വനം വകുപ്പുമന്ത്രി മറുപടി പറയുകയുണ്ടായി. അതിനുശേഷം ചീഫ് വിപ്പ് ഔദ്യോഗിക പത്രസമ്മേളനത്തിൽ അതിനെ നിഷേധിക്കുകയും വനം വകുപ്പുമന്ത്രി സഭയിൽ സത്യവിരുദ്ധമായി പറഞ്ഞെന്നും മന്ത്രിക്കെതിരെ നടപടി സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഭരണഘടനാ ലംഘനമായതിനാൽ ഇതു സംബന്ധിച്ച വസ്തുത വ്യക്തമാക്കണം.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): ഭരണഘടനയുടെ 164(2) ഉപ വകുപ്പ് ഇവിടെ ലംഘിച്ചിരിക്കുകയാണ്. നിയമസഭയോട് ഉത്തരവാദിത്വമുള്ള ചീഫ് വിപ്പ് സർക്കാരിനെ തള്ളിപ്പറയുകയും മന്ത്രിക്കെതിരെ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയുമാണ്. ഇതുസംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): മന്ത്രി പദവിയുള്ളവരെല്ലാം ക്യാബിനറ്റ് മന്ത്രിമാരല്ല. ചീഫ് വിപ്പിന് മന്ത്രിസഭയിൽ കാര്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): യു.ഡി.എഫ്. ഇത്തരം ഒരു കമ്മിറ്റിയെ നിയോഗിച്ച കാര്യം കൺവീനർ പറഞ്ഞതായി പത്രത്തിൽ വായിച്ച അറിവേ ഉള്ളൂവെന്നും അങ്ങനെ ഒരു കമ്മിറ്റി നിലവിലില്ല എന്നുമാണ് വനം വകുപ്പുമന്ത്രി മറുപടി പറഞ്ഞിട്ടുള്ളത്. യു.ഡി.എഫ്. കമ്മിറ്റിയെ നിയോഗിച്ച യോഗത്തിൽ വനം വകുപ്പുമന്ത്രി പങ്കെടുത്തിട്ടില്ലായിരുന്നു. ഈ കമ്മിറ്റി യോഗം കൂടുകയോ വിശദാംശങ്ങൾ മന്ത്രിയെ അറിയിക്കുകയോ തുടർ നടപടികൾ ഉണ്ടാവുകയോ ചെയ്തിട്ടില്ല. വനം വകുപ്പുമന്ത്രിയും ചീഫ് വിപ്പും പറഞ്ഞത് ശരിയാണ്. ഇത് സംബന്ധിച്ച് യാതൊരു ആശയക്കുഴപ്പവുമില്ല.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

(1) പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) മത്സ്യത്തൊഴിലാളികളുടേയും അനുബന്ധ തൊഴിലാളികളുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## ധനകാര്യം

### 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXVII വ്യവസായങ്ങൾ
(560,16,34,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെ സംബന്ധിക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

ശ്രീ. എസ്. ശർമ്മ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി ഇന്ത്യയിലെ വ്യാവസായിക മേഖല തകർച്ചയിലേയ്ക്ക് പോകുകയാണ്. 2010-11-ൽ 38 വ്യവസായ സ്ഥാപനങ്ങളിൽ 31 എണ്ണവും ലാഭത്തിലാക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞു.

ഇപ്പോൾ അത് 18 ആയി കുറഞ്ഞിരിക്കുകയാണ്. ടെൽക്-നെ ഇന്ത്യയിലെ മാതൃകാ സ്ഥാപനങ്ങളിലൊന്നായി മാറ്റാനും സ്മാർട്ട് സിറ്റി കരാർ പുതുക്കി തത്തുല്യമായ 3 സ്മാർട്ട് സിറ്റി ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്താനും കഴിഞ്ഞ സർക്കാരിന് സാധിച്ചു. സ്മാർട്ട് സിറ്റിയുമായി ബന്ധപ്പെട്ട് എൽ.ഡി.എഫ്.-നെതിരെ ഉയർത്തിയ വിമർശനങ്ങൾ അടിസ്ഥാനരഹിതമായിരുന്നുവെന്ന് തെളിഞ്ഞിരിക്കുകയാണ്. അതിന്റെ പ്രോജക്ട് പ്രക്രിയയിലേയ്ക്ക് ബന്ധപ്പെട്ട കമ്പനി വരാത്തത് ഗൗരവമായി കാണണം. കയർ, കൈത്തറി, കശുവണ്ടി, ഖാദി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും വൈവിധ്യവൽക്കരണത്തിനും നടപടി സ്വീകരിക്കണം. പെരുമ്പാവൂർ റയോൺസ് തുറന്നുപ്രവർത്തിപ്പിക്കണം.

<u>ശ്രീ. വർക്കല കഹാർ</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വൈവിധ്യപൂർണ്ണമായ സാഹചര്യങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുന്ന പുതിയ വ്യവസായ നയത്തിന്റെ കരട് പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ്. കേരളത്തിലെ വ്യവസായങ്ങളെ സംബന്ധിച്ച് സമയാ സമയങ്ങളിൽ അവലോകനം നടത്താൻ നടപടിയുണ്ടാകണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്ഥിരമായി ലാഭത്തിലായിരുന്ന കമ്പനികളെ ഉൾപ്പടുത്തിക്കൊണ്ടാണ് ലാഭക്കണക്ക് അവതരിപ്പിച്ചതെന്ന് ഓഡിറ്റ് പരിശോധനയിൽ തെളിഞ്ഞിരിക്കുകയാണ്. ഈ സർക്കാരിന് എല്ലാ രംഗങ്ങളിലും ഗണ്യമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. വിദേശ ഇന്ത്യക്കാരെയും മലയാളികളെയും ആകർഷിക്കാനുള്ള സംരംഭങ്ങൾ വർദ്ധിപ്പിക്കാനുള്ള ശ്രമം ശ്ലാഘനീയമാണ്. പരമ്പരാഗത വ്യവസായ മേഖലയുടെ പുനരുദ്ധാര

ണ പ്രവർത്തനങ്ങൾ ആരംഭിച്ചതും കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സമഗ്രമായ പാക്കേജ് പ്രഖ്യാപിച്ചതും സ്വാഗതാർഹമാണ്. പ്രൊഫഷണലിസം ഉറപ്പാക്കാനായി ആരംഭിച്ച കണ്ണൂർ ഇൻഡ്യൻ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയിൽ ത്രിവത്സര ഡിപ്ലോമാ കോഴ്സ് ആരംഭിച്ചത് ശ്ലാഘനീയമാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ മാതൃ കയിൽ സംസ്ഥാനത്തെ 21 പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഒ.യു സംവി ധാനം ഏർപ്പെടുത്തിയതും എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട് വിവര സാങ്കേ തിക സൗകര്യങ്ങൾ ഉപയോഗിച്ച് ഇ-ടെണ്ടറിഗ് ഇ-പ്രൊക്യൂർമെന്റ് സൗകര്യ ങ്ങൾ ഏർപ്പെടുത്താൻ നടപടികൾ ആരംഭിച്ചതും ശ്രദ്ധേയമാണ്. നിലവി ലുള്ള ബ്യൂറോ ഓഫ് പബ്ളിക് എന്റെർപ്രൈസസ്, റിയാബ് എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് പബ്ളിക് എന്റർപ്രൈസസ് ബോർഡ് രൂപീകരിച്ചത് പ്രശംസനീയമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കുമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹി തത്തിന്റെ മൂന്ന് ശതമാനം മാറ്റിവയ്ക്കുന്നത് ശ്ലാഘനീയമാണ്. എമർജിംഗ് കേരള 2012 നിക്ഷേപ സംഗമത്തിൽ വിഷൻ വർക്കലയുടെ ഭാഗമായുള്ള വാട്ടർ ട്രാൻസ്പോർട്ട് കോംപ്ലക്സ്, വാട്ടർ സ്പോർട്ട്സ് കോംപ്ലക്സ്, റൂറൽ ടെക്നോപാർക്ക്, ഇൻഫ്രാസ്ട്രക്ച്ചർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, പ്രകൃതി ചികിത്സാ കേന്ദ്രത്തിന് പുതിയ ബ്ലോക്ക് എന്നിവ ഉൾപ്പെടുത്തണം. കേരളത്തിന്റെ ഭദ്രമായ ഭാവിക്ക് ശക്തമായ വ്യാവസായിക അടിത്തറയു ണ്ടാകണം.

ശ്രീ. സി. ദിവാകരൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. ഒട്ടേറെ വ്യവ സായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയും തൊഴിലാളികൾക്ക്

തൊഴിൽ നൽകുകയും ചെയ്ത കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ നയം ഈ സർക്കാർ പിന്തുടരണം. പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യവൽക്കരിക്കുകയില്ലെന്ന തീരുമാനം സ്വാഗതാർഹമാണ്. റീട്ടെയിൽ മേഖല കോർപ്പറേറ്റ് കമ്പനികൾ കയ്യടക്കുന്ന സ്ഥിതിവിശേഷമാണ് ഇന്ന് നിലനിൽക്കുന്നത്. അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ കേന്ദ്ര നിക്ഷേപം തുലോം കുറവാണെന്നുള്ളതിനാൽ കൂടുതൽ കേന്ദ്ര നിക്ഷേപം ആവശ്യപ്പെടാൻ തയ്യാറാകണം. സർക്കാർ പദ്ധതികൾക്കെന്ന വ്യാജേന സർക്കാർഭൂമി സ്വകാര്യ മാനേജ്മെന്റുകൾക്ക് നൽകുന്നത് വിമർശനാത്മകമാണ്. ചേർത്തലയിലെ ആട്ടോ കാസ്റ്റ്, കെൽട്രോൺ എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്ര നയം തിരുത്താൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ ശ്രമഫലമായി ഉണ്ടാക്കിയ വ്യവസായ സമാധാനം നിലനിർത്താനും വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും ശ്രമിക്കണം. സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് റിലേഷൻ ബോർഡ് രൂപീകരിക്കണം. ഇൻഫർമേഷൻ ടെക്നോളജിക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ഐ.ടി. മേഖലയോടൊപ്പം പരമ്പരാഗത വ്യവസായ മേഖലയേയും പരിഗണിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പരമ്പരാഗത വ്യവസായങ്ങളേയും പൊതുമേഖലയേയും സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ. കെ.എൻ.എ. ഖാദർ: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. മൈക്രോ, സ്മാൾ ആന്റ് മീഡിയം ഇൻഡസ്ട്രികൾ ആരംഭിച്ചതുവഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സേവന മേഖലയിൽ ഏകജാലക സംവിധാനം ഏർപ്പെടുത്താനും ഗവൺമെന്റിന്റെ വ്യവസായ നയംമൂലം സമസ്ത മേഖലകളിലും മാറ്റംവരുത്താനും കഴിഞ്ഞു. ഹൈടെക്, ബയോടെക്നോളജി, നാനോ ടെക്നോളജി മേഖലകളിൽ പുതിയ പദ്ധതികൾ

ആരംഭിക്കാനും പബ്ളിക് എന്റർപ്രൈസസിലെ നിയമനങ്ങൾക്കായി പബ്ളിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിക്കാനും തീരുമാനിച്ചത് സ്വാഗതാർഹമാണ്. വ്യവസായ മേഖലയിൽ പ്രൊഫഷണലിസം, മോഡണൈസേഷൻ എന്നിവ കൊണ്ടുവരാനും ദേശീയ നിക്ഷേപ ഉല്പാദനമേഖലകൾ ആരംഭിക്കുന്നതിനുള്ള കേന്ദ്ര പദ്ധതിയിൽ കേരളത്തെ ഉൾപ്പെടുത്താനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കൊച്ചിൻ റിഫൈനറി പദ്ധതികൾ വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സംസ്ഥാന തലത്തിൽ അക്ഷയ പദ്ധതി ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കൃഷിയെ വ്യവസായമായി കാണുന്നതിന് വ്യവസായ വകുപ്പ് നടപടി സ്വീകരിക്കണം. പച്ചക്കറികൾക്കുവേണ്ടി കോൾഡ് സ്റ്റോറേജുകൾ എല്ലാ ഗ്രാമങ്ങളിലും സ്ഥാപിക്കണം. നാളികേരത്തിൽനിന്നും കൂടുതൽ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കണം. കേന്ദ്ര ഗവൺമെന്റിന്റെ ഇൻഫർമേഷൻ ടെക്നോളജി ഇൻവെസ്റ്റ്മെന്റ് റീജിയൺസ് സ്കീമിൽ കേരളത്തേയും ഉൾപ്പെടുത്താനുള്ള ശ്രമങ്ങൾ നടത്തണം. വ്യവസായികൾ നേരിടുന്ന ഉയർന്ന പലിശ നിരക്ക്, അസംസ്കൃത സാധനങ്ങളുടെ വിലക്കയറ്റം, വിപണിയിലെ അനിശ്ചിതത്വം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികളെടുക്കണം. വ്യവസായ മേഖലയിൽ അൺഇന്ററപ്റ്റഡ് പവർ സപ്ലൈ, ഗതാഗതം, കുടിവെള്ളം, സ്വീവറേജ്, ഇൻവെസ്റ്റർ ഫ്രണ്ട്ലി ഡെസ്റ്റിനേഷൻ എന്നീ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. മറ്റ് രാഷ്ട്രങ്ങളുമായി ടൈ-അപ് ഉണ്ടാക്കി മലിനീകരണമില്ലാത്ത ഇക്കോ ഫ്രണ്ട്ലിയായ ജോബ് ഓറിയന്റഡ് വ്യവസായങ്ങൾ ഉണ്ടാക്കുന്ന വ്യവസായ നയം സ്വാഗതാർഹമാണ്. ന്യൂ ജനറേഷൻ വ്യവസായത്തിൽ ആരോഗ്യം, ടൂറിസം മേഖലകളെ ഉൾപ്പെടുത്തണം. സോളാർ എനർജി, ടൈഡൽ പവർ, വിൻഡ് പവർ എന്നിവ ഉപയോഗിച്ച്

വൈദ്യുതി ഉല്പാദിപ്പിച്ച് വ്യവസായ മേഖലയെ സഹായിക്കണം. കൈത്തറി രംഗത്ത് ബ്രാന്റഡ് ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാൻ സാധിക്കണം. സംസ്ഥാനത്തെ ഖനന പദ്ധതികൾ ഫലപ്രദമായി ഉപയോഗിക്കണം.

ശ്രീ. സി.കെ. നാണു: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കൈത്തറി മേഖല അഭിവൃദ്ധിപ്പെടുത്താനും നഗരങ്ങളിൽമാത്രം നിലനിൽക്കുന്ന ഐ.ടി. മേഖലയെ മുനിസിപ്പാലിറ്റികളിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും കഴിയണം. ലോക സമ്മേളനത്തിൽ പങ്കെടുത്തവരെല്ലാം എൻഡോസൾഫാന്റെ ഉപയോഗത്തെ എതിർത്തിട്ടും ഇൻഡ്യാ ഗവൺമെന്റിന്റെ പ്രതിനിധിമാത്രം എതിർക്കാതിരുന്നത് വിമർശനാത്മകമാണ്. ഇൻഡ്യയിലെ ചെറുകിട വ്യാപാര മേഖലയിൽ വിദേശ മൂലധന നിക്ഷേപം അനുവദിക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കം അപലപനീയമാണ്. സർക്കാർ എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സുകളൊന്നും അനുവദിക്കാതെ ബി.എ. (മലയാളം) കോഴ്സ് ഒരു കോളേജിനുമാത്രം അനുവദിച്ച നടപടി ഉന്നത വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുമെന്ന പ്രഖ്യാപിത നയത്തിന് വിരുദ്ധമാണ്. കശുവണ്ടി, നാളികേരം, കുരുമുളക് എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കാനും കൂടുതൽ കയറ്റി അയയ്ക്കാനും സാധിച്ചാൽ വ്യാവസായിക മേഖലയെ സംരക്ഷിക്കാനും തൊഴിൽ സാധ്യതകൾ വർദ്ധിപ്പി ക്കാനും കഴിയും.

ശ്രീ. സി.എഫ്. തോമസ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. ഐ.ടി. മേഖലയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രഖ്യാപിച്ച കരട് വ്യവസായ നയത്തെ സ്വാഗതം ചെയ്യുന്നു. പൊതുമേഖലയ്ക്കും പരമ്പരാഗത മേഖലയ്ക്കും അർഹമായ പരിഗണന നൽകിക്കൊണ്ടുള്ള സമീപനാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ചെറുകിട-ഇടത്തരം വ്യവസായ

സംരംഭകർക്ക് സബ്സിഡിയോടുകൂടിയ സപ്പോർട്ട് സ്കീം പ്രഖ്യാപിക്കുകയും ടെക്നോളജി മോഡേർണൈസേഷന് സബ്സിഡി നൽകുകയും ചെയ്തത് പ്രശംസനീയമാണ്. എമർജിംഗ് കേരള പദ്ധതിയിൽ കാർഷിക ഉൽപ്പന്നങ്ങളേയും പ്രകൃതി വിഭവങ്ങളേയും അടിസ്ഥാനമാക്കി യുള്ള വ്യവസായങ്ങൾക്ക് പ്രാധാന്യം കൊടുക്കണം. നാളികേര മേഖലയിലെ തകർച്ച പരിഹരിക്കണം. സ്മാർട്ട് സിറ്റി പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചു. ഇൻഫോസിസിന്റെ പുതിയ കാമ്പസ്, കൊച്ചിയിലെ ഇൻഫോ പാർക്ക് എന്നിവയ്ക്ക് തുടക്കം കുറിക്കാൻ കഴിയുന്നത് അഭിനന്ദനാർഹമാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുവാനും പുതിയ വ്യവസായങ്ങൾ കൊണ്ടുവരാനും നടത്തുന്ന പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്.

<u>ശ്രീ. എ.എ. അസീസ്</u>: ധനാഭ്യർത്ഥനയെ എതിർക്കുന്നു. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും കാര്യക്ഷമമാക്കാനും അവിടത്തെ തൊഴിലാളികളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. ബഡ്ജറ്റ് സപ്പോർട്ടിലൂടെ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും നിലനിറു ത്തുവാനുമുള്ള സമീപനമാണ് കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരി ച്ചിരുന്നത്. സ്വകാര്യ മേഖലയെ സഹായിക്കുകയും പൊതുമേഖലയെ തകർക്കുകയും ചെയ്യുന്ന സമീപനം വ്യവസായ വകുപ്പ് തുടർന്നാൽ അതിശ ക്തമായ തിരിച്ചടി നേരിടേണ്ടിവരും.

<u>ശ്രീ. അൻവർ സാദത്ത്</u> : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. നിക്ഷേപകർ, അക്കാദമിക് വിദഗ്ദ്ധർ, നവസംരംഭകർ, സർക്കാർ ഉദ്യോഗ സ്ഥർ തുടങ്ങിയവരുമായി ചർച്ച നടത്തിയതിനുശേഷം പുതിയ വ്യവസായ

നയത്തിന്റെ കരട് പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. 'എമർജിംഗ് കേരള നിക്ഷേപസംഗമം' കഴിയുന്നതോടുകൂടി വൻതോതിൽ നിക്ഷേപകർ കേരളത്തിലേക്ക് കടന്നുവരാനും പുതിയ തൊഴിൽ സാദ്ധ്യതകൾ രൂപപ്പെടാനും അവസരമുണ്ടാകുന്നതാണ്. എമെർജിംഗ് കേരളയുമായി ബന്ധപ്പെട്ട് ആലുവയിലും പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. കേരളത്തിന്റെ സമഗ്ര വികസനത്തിനായി കൊച്ചി-കോയമ്പത്തൂർ മേഖലകളിൽ വ്യവസായ ഇടനാഴികൾ രൂപീകരിക്കാനുള്ള തീരുമാനം സ്വാഗതാർഹമാണ്. വ്യവസായ വകുപ്പും ധനകാര്യ വകുപ്പും സ്വയംസംരംഭകമിഷൻവഴി ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ ലഭ്യമാക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം. സമ്പൂർണ്ണ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കെ.എസ്.ഐ.ഡി.സി. 50 പെൺകുട്ടികളുടെ വിദ്യാഭ്യാസച്ചെലവ് വഹിക്കുമെന്ന തീരുമാനം സ്വാഗതാർഹമാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭത്തിന്റെ മൂന്ന് ശതമാനം സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി നീക്കിവയ്ക്കുമെന്നത് പത്ത് ശതമാനമായി വർദ്ധിപ്പിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഒരു പ്രൊഫഷണൽ മാനേജ്മെന്റ് കേഡർ രൂപീകരിക്കണം. എഫ്.എ.സി.റ്റി. കൂടുതൽ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കണം. ബാംബൂ കോർപ്പറേഷൻ തൊഴിലാളികളുടെ വേതനം 200 രൂപയാക്കി വർദ്ധിപ്പിച്ചുനൽകാൻ നടപടി സ്വീകരിക്കണം. ടെൽക്ക്-ൽ 30 വർഷത്തിലേറെയായി ജോലിചെയ്യുന്ന ക്യാന്റീൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തി കമ്പനി ജീവനക്കാരായി നിയമിക്കാൻ നടപടി സ്വീകരിക്കണം. ട്രാവൻകൂർ റയോൺസ് തുറന്നുപ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളത്തിലെ ചെറുപ്പക്കാർക്ക് പ്രതീക്ഷ നൽകുന്ന സ്മാർട്ട്

സിറ്റി പദ്ധതിക്ക് തുടക്കം കുറിക്കാനും വ്യവസായ മേഖലയുടെ അടിത്തറ ശക്തിപ്പെടുത്തി കേരളത്തെ വികസനത്തിന്റെ പാതയിലേക്ക് നയിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ബി. സത്യൻ: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വ്യവസായ മേഖലയും കാർഷിക മേഖലയും ശക്തിപ്പെടുത്താനോ രൂപയുടെ വിനിമയ മൂല്യം ഉയർത്താനോ നടപടി സ്വീകരിക്കുന്നില്ല. പെട്രോൾ, ഡീസൽ, പാചക വാതകം, തുടങ്ങിയവയുടെ വിലയും വൈദ്യുതിചാർജും ക്രമാതീതമായി വർദ്ധിച്ചുവരികയാണ്. മോണോറെയിൽ, മെട്രോറെയിൽ, റെയിൽ കോറിഡോർ തുടങ്ങിയ പദ്ധതികൾ സംസ്ഥാനത്തിന് യോജിക്കുന്നവ യാണോ എന്ന് പരിശോധിക്കണം. മണലിന്റേയും പാറയുടേയും അപര്യാപ്തത നിർമ്മാണ മേഖലയെ ദോഷകരമായി ബാധിക്കുന്ന അവസ്ഥ യിലും മണൽ മാഫിയകളുടെ പ്രവർത്തനം സജീവമായിരിക്കുകയാണ്. .സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന പാറപൊട്ടിക്കൽ നിയന്ത്രിക്കാൻ കഴിയുന്നില്ല.. സാധാരണക്കാരെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല. ട്രാവൻകൂർ ടൈറ്റാനിയം ഫാക്ടറി ഉൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡ് വിൽക്കാൻ കഴിയുന്നില്ല. ഖാദി, കൈത്തറി, കയർ തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ഇടുതുമുന്നണി സർക്കാർ തുടങ്ങിവച്ച കിൻഫ്രാ അപ്പാരൽ പാർക്കിന്റെ നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ തയ്യാറാകണം. കയർവ്യവസായത്തിനും കശുവണ്ടിവ്യവസായത്തിനും കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെട്ട സ്ത്രീകളുടെ സംരംഭങ്ങൾക്കും സഹായം നൽകാൻ തയ്യാറാകണം. വ്യവസായ സ്ഥാപനങ്ങളിലെയും പൊതുമേഖലാ

സ്ഥാപനങ്ങളിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കാനും പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനങ്ങൾ നടത്താനും തയ്യാറാകണം. .പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഉൾപ്പെടുത്തണം. ഇൻഫ്രാസ്ട്രക്ച്ചറും സംരക്ഷണവും നൽകിക്കൊണ്ട് പുതിയ വ്യവസായങ്ങൾ കൊണ്ടുവരണം. എൻജിനീയറിംഗ് കോഴ്സുകൾ പഠിച്ച് പുറത്തിറങ്ങുന്ന പട്ടികജാതിവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേഖലയിൽ കടന്നു വരാൻ കഴിയുന്ന തരത്തിൽ നൂതനങ്ങളായ പദ്ധതി രൂപപ്പെടുത്താൻ തയ്യാറാകണം.

ശ്രീ. പി.ബി. അബ്ദുൾ റസാക്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. എമർജിംഗ് കേരള പദ്ധതിയിലൂടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപം സംസ്ഥാനത്ത് വരുമെന്ന് പ്രതീക്ഷിക്കുന്നു. സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യത്തിലേയ്ക്ക് നീങ്ങുകയാണ്. കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴി, വൻ നഗരങ്ങളിൽ വൻകിട വാണിജ്യ മേഖലകൾ, പരമ്പരാഗത മേഖലയുടെ പുനരുദ്ധാരണം, കെ.എസ്.ഐ.ഡി.സി.-യുടെ സാമൂഹ്യ സുരക്ഷാ പദ്ധതി, കിൻഫ്രയുടെ കീഴിൽ പുതിയ പദ്ധതികൾ, പുതിയ പദ്ധതികൾക്ക് അനുമതി നൽകാൻ ഓൺലൈൻ ഏകജാലക സംവിധാനം, വ്യവസായ വികസന കേന്ദ്രങ്ങളെയും തുറമുഖങ്ങളെയും വിമാനത്താവളങ്ങളെയും ബന്ധപ്പെടുത്തി സീപോർട്ട്-എയർപോർട്ട് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരണം, കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ആയുർവ്വേദ വില്ലേജ് തുടങ്ങിയവ സംബന്ധിച്ച തീരുമാനങ്ങൾ അഭിനന്ദനാർഹമാണ്. കാസർഗോഡ് ജില്ലയ്ക്ക്

വ്യവസായ മേഖലയിൽ പ്രത്യേക പരിഗണന നൽകണം. മഞ്ചേശ്വരത്ത് വെറുതെ കിടക്കുന്ന റവന്യൂ ഭൂമി ഉപയോഗിച്ച് പുതിയ വ്യവസായ സംരംഭം ആരംഭിക്കണം. തിരുവനന്തപുരം-മംഗലാപുരം അതിവേഗ റെയിൽ കോറിഡോർ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കണം. മഞ്ചേശ്വരത്തെ അനന്തപുരം വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കി റബ്ബർ പാർക്ക്, ഫുഡ് പാർക്ക് എന്നിവ ആരംഭിക്കാനും നിലവിലുള്ള ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ 110 കെ.വി.യാക്കാനും നടപടി സ്വീകരിക്കണം. മഞ്ചേശ്വരം നിയോജകമണ്ഡലത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കണം.

ശ്രീ. പി.സി. വിഷ്ണുനാഥ്: ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. സംസ്ഥാന വികസനം മുന്നിൽ കണ്ടുകൊണ്ടാണ് സർക്കാർ നയങ്ങൾ ആവിഷ്ക്കരിക്കുന്നത്. വിദേശ സംരംഭകരെ ആകർഷിക്കാനോ വിദേശ ടെക്നോളജി സംസ്ഥാനത്തെ കാർഷിക-വ്യാവസായിക-പുതു ജനറേഷൻ വ്യവസായിക മേഖലകളിൽ കൊണ്ടുവരാനോ കഴിഞ്ഞ സർക്കാരിന് സാധിച്ചിട്ടില്ല. സമഗ്ര മേഖലകളെയും ഉൾപ്പെടുത്തി വിദേശ നൂതന ടെക്നോളജിയെ സംസ്ഥാനത്തേയ്ക്ക് ആകർഷിച്ചുകൊണ്ടുവരുന്ന വലിയ മുന്നൊരുക്കങ്ങളാണ് എമർജിംഗ് കേരള പദ്ധതിയിലൂടെ ഈ സർക്കാർ നടപ്പിലാക്കാൻ പോകുന്നത്. ലാഭത്തിൽ പ്രവർത്തിക്കുന്നുവെന്ന് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വെളിപ്പെടുത്തിയ പല പൊതുമേഖലാ സ്ഥാപനങ്ങളും നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നതെന്ന് റിയാബ്-ന്റെ കണക്കുകൾ വെളിപ്പെടുത്തുന്നു. മലപ്പുറം ജില്ലയിൽ അക്ഷയ പദ്ധതി പ്രോത്സാഹിപ്പിക്കണം. നഴ്സിംഗ് മേഖലയിലെ തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കണം. തൊഴിൽ നിയമങ്ങൾ പാലിച്ചുകൊണ്ട് ഐ.ടി. മേഖലയിലെ

ചൂഷണം അവസാനിപ്പിക്കണം. റൂറൽ ഐ.ടി. പാർക്ക്, ഐ.ടി. വില്ലേജ് എന്നിവ ചെങ്ങന്നൂരിൽ സ്ഥാപിക്കണം.

ശ്രീ. എളമരം കരീം: ധനാഭ്യർത്ഥനയെ എതിർക്കുന്നു. വ്യവസായ രംഗത്ത് കേന്ദ്ര നിക്ഷേപം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. വ്യവസായ രംഗത്ത് വളർച്ച കൈവരിക്കണമെങ്കിൽ സമീപനത്തിൽ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ഇടതുപക്ഷ ഗവണ്മെന്റിന്റെ കാലത്ത് ചെറുകിട വ്യവസായമേഖലയിലെ പുതിയ യൂണിറ്റുകളുടെ രജിസ്ട്രേഷനിൽ കേരളം റിക്കോർഡ് സൃഷ്ടിക്കുകയും ചെറുകിട വ്യവസായങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ജില്ലകളിൽ മുഖാമുഖം പരിപാടികൾ സംഘടിപ്പിക്കുകയും വൈവിദ്ധ്യമാർന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് സംരംഭകരെ പ്രോത്സാഹിപ്പിക്കുകയും പ്രൈസ് പ്രിഫറൻസ് പുനഃസ്ഥാപിക്കുകയും ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തിരുന്നു. നിലവിലുള്ള യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം എമർജിംഗ് കേരളയുടെ ഭാഗമായി വരുന്നവർക്ക് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഒരു ഗവണ്മെന്റിന് ഭൂഷണമല്ല. വ്യവസായികൾക്ക് സംരംഭങ്ങൾ തുടങ്ങാനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം. നിക്ഷേപക സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രതിപക്ഷത്തിന്റെ പിന്തുണയുണ്ടാകും. രൂപയുടെ മൂല്യശോഷണം വിദേശ നിക്ഷേപകരുടെ കോൺഫിഡൻസ് നഷ്ടപ്പെടുത്തിയ സാഹചര്യത്തിൽ നിക്ഷേപം വരുമെന്ന മോഹം അസ്ഥാനത്താണ്. പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെട്ട നിലയിൽ നടത്തിക്കൊണ്ട് ഇൻവെസ്റ്റ്മെന്റിന് അനുകൂലമായ സാഹചര്യം കേരളത്തിൽ ഉണ്ടെന്നുള്ള മേസ്സേജ് നൽകാൻ ഇടതുപക്ഷ ഗവണ്മെന്റിന് കഴിഞ്ഞിരുന്നു. ഇടതുപക്ഷ

ജനാധിപത്യ മുന്നണി ഗവൺമെന്റ് വ്യവസായ രംഗത്ത് നൽകിയ സംഭാവനകൾ വിസ്മരിക്കാൻ പാടില്ല. പൊതുമേഖലാ സ്ഥാപനങ്ങളുടെ മോഡേണൈസേഷനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് പ്രഖ്യാപിച്ച വ്യവസായങ്ങളും ജോയിന്റ് വെൻചറു കളും ആരംഭിക്കാൻ ഗവണ്മെന്റിന്റെ ശക്തമായ ഇടപെടലുകൾ ഉണ്ടാകണം. സീതാറാം മില്ലിന്റെ മോഡേണൈസേഷനുള്ള പദ്ധതി ഉപേക്ഷിച്ചത് ഖേദകരമാണ്. എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് പ്രതിപക്ഷവുമായി ഒരു സമവായം ഇല്ലാതെ പോയത് ഖേദകരമാണ്. പോലീസ് മാധ്യമങ്ങൾക്ക് ടെലിഫോണിലൂടെ വാർത്ത ചോർത്തിക്കൊടുക്കുന്നതും സി.പി.ഐ.(എം.)-ന്റെ എം.എൽ.എ.മാർ അടക്കമുള്ള നേതാക്കളുടെ ടെലഫോൺ ആഭ്യന്തരവകുപ്പ് അറിയാതെ ടാപ്പ് ചെയ്യുന്നതും ക്രമവിരുദ്ധ മായ നടപടികളാണ്. ഈ സംഭവത്തിന് ഉത്തരവാദികളാരാണെന്ന് സർക്കാർ വെളിപ്പെടുത്തണം.

ശ്രീ. കെ. ശിവദാസൻ നായർ : ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു. കേരളത്തിന്റെ വ്യാവസായിക മുഖച്ഛായ മാറ്റുന്നതിനുതകുന്ന വ്യവസായ നയം പ്രഖ്യാപിച്ചത് അഭിനന്ദനാർഹമാണ്. കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനും വിദേശ നിക്ഷേപം ഉൾപ്പെടെയുള്ള വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥലം കൈമാറിയവർ ഇപ്പോൾ പി.പി.പി.-യെ എതിർക്കുന്നതിനെക്കുറിച്ച് വ്യക്തമാക്കണം. അഗ്രോ ബേസ്ഡ് വ്യവസായങ്ങൾ തുടങ്ങാനുള്ള സാഹചര്യം പ്രയോജനപ്പെടു ത്തണം. വ്യവസായ മേഖലയിലെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കണം. എൻ.ആർ.ഐ. നിക്ഷേപം ഫലപ്രദമായി

ഉപയോഗിക്കാൻ നടപടി സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയ ആറന്മുള എയർപോർട്ടിനെ സംബന്ധിച്ച് പ്രതിപക്ഷ ത്തിന്റെ നിലപാട് വ്യക്തമാക്കണം. എമർജിംഗ് കേരള പദ്ധതിയിൽ പ്രതിപക്ഷ ത്തിന്റെ സഹകരണം ഉണ്ടാകണം. കഴിഞ്ഞ സർക്കാർ ആരംഭിച്ച പുതിയ ടെക്സ്റ്റൈൽ മില്ലുകൾ നവീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കാനും അവയുടെ വൈദ്യുതിക്ഷാമം പരിഹരിക്കാനും നടപടിയുണ്ടാകണം. പ്രഭുറാം മില്ലിന്റെ സ്പിന്റിലേജ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.. ഇരുമ്പനത്തും തിരുവല്ലയിലുമുള്ള ട്രാക്കോ കേബിൾ ഫാക്ടറികൾ വൈവിധ്യവൽക്കരിക്കാനും കെ.എസ്.ഇ.ബി.-യെക്കൊണ്ട് പരമാവധി ഓർഡറുകൾ നൽകുന്നതിനുമുള്ള പരിശ്രമം നടത്തണം. കെ.എഫ്.സി., സിഡ്കോ തുടങ്ങിയ സ്ഥാപനങ്ങൾ വ്യവസായ സംരംഭകരെ പ്രോത്സാഹി പ്പിക്കുന്ന സമീപനം സ്വീകരിക്കണം. ആലപ്പുഴയിൽ ഗാന്ധി സ്മൃതിവന ത്തിന്റെ ഇക്കോളജിക്കലി ഫ്രജൈൽ ലാന്റായ 100 ഏക്കർ സ്ഥലം ഐ.ടി. പാർക്കിന് നൽകാൻ തീരുമാനമെടുത്തതുസംബന്ധിച്ച് അന്വേഷണം നടത്തണം. പത്തനംതിട്ട ജില്ലയിൽ വ്യവസായ പാർക്ക് ആരംഭിക്കാൻ കിൻഫ്രയെക്കൊണ്ട് 100 ഏക്കർ സ്ഥലമെങ്കിലും അക്വയർ ചെയ്യിക്കണം. കേന്ദ്ര സർക്കാരുമായി സഹകരിച്ച് പുതിയ സംരംഭങ്ങളും നിക്ഷേപങ്ങളും നേടിയെടുക്കുന്നതിനും അതുവഴി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസ രങ്ങൾ സൃഷ്ടിക്കുന്നതിനുമുള്ള ശ്രമങ്ങൾ ഉണ്ടാകണം. സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കണം. കേരളത്തിലെ വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപം നടത്താൻ അനുകൂല സാഹചര്യമുണ്ടെന്ന് വിദേശ സംരംഭകരെ ബോധ്യപ്പെടുത്താൻ കഴിയണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ധനാഭ്യർത്ഥനയെ എതിർക്കുന്നു. എമർജിംഗ് കേരളസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി ഇറക്കിയ പ്രസിദ്ധീകരണത്തിൽ പ്രതിപാദിച്ച സൂക്ഷ്മ വ്യവസായങ്ങളെ സംബന്ധിച്ച് വ്യക്തമാക്കണം അടച്ചുപൂട്ടിയ നിരവധി പൊതുമേഖലാ സ്ഥാപനങ്ങൾ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് തുറന്നുപ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. കഴിഞ്ഞ സർക്കാർ ഐ.ടി. മേഖലയിൽ അഭൂതപൂർവ്വമായ വളർച്ച യുണ്ടാക്കുകയും ഇൻഫോ പാർക്കിന്റെ രണ്ടാംഘട്ട വികസനവും ടെക്നോ പാർക്കിന്റെ മൂന്നാംഘട്ട വികസനവും നടപ്പാക്കുകയും കോഴിക്കോട് കേന്ദ്രീ കരിച്ച് സൈബർ പാർക്ക് ആരംഭിക്കുകയും ചെയ്തു. കണ്ണൂരും കാസർഗോഡും കുണ്ടറയിലും ചേർത്തലയിലും കൊരട്ടിയിലും ഐ.ടി. പാർക്ക് ആരംഭിച്ചതുവഴി നിരവധി തൊഴിലവസരങ്ങളുണ്ടാക്കാൻ സാധിച്ചു. ഐ.ടി കയറ്റുമതിയിൽ റിക്കാർഡ് വളർച്ചയുണ്ടായതും കഴിഞ്ഞ സർക്കാ രിന്റെ കാലത്താണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി പരിതാപകരമായിരിക്കുകയാണ്. പുതുതായി ഒരു ഐ.ടി. പാർക്കും ഈ സർക്കാർ ആരംഭിച്ചിട്ടില്ല. കരാർ അനുസരിച്ച് സ്മാർട്ട് സിറ്റി പദ്ധതിയുടെ ആദ്യഘട്ടം നിശ്ചയിച്ച സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. വനഭൂമിയും കാലാവധി കഴിഞ്ഞ തോട്ടഭൂമിയും സ്വകാര്യ ഉടമകൾക്ക് കൈയ്യ ടക്കി വയ്ക്കാൻ പറ്റുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പാട്ടക്കാലാവധി കഴിഞ്ഞ മുഴുവൻ തോട്ടങ്ങളും ഏറ്റെടുക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനും നടപടികൾ സ്വീകരിക്കണം. മലബാർ സിമന്റ്സിൽ നടന്ന അഴിമതി അടക്കമുള്ള കാര്യങ്ങൾ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് തയ്യാറാണോയെന്നതും അവിടെ നടന്ന കേസുമായി ബന്ധപ്പെട്ട് മുൻ ചീഫ് സെക്രട്ടറി കൂടിയായ

ഉദ്യോഗസ്ഥനെ പ്രതിപ്പട്ടികയിൽനിന്ന് ഒഴിവാക്കിയതുസംബന്ധിച്ചും വ്യക്തമാക്കണം. ക്രമക്കേട് കാണിച്ചതിന്റെ പേരിൽ ആർ.സി.സി.-യിൽ നിന്നും 1993-ൽ പിരിച്ചുവിട്ട നഴ്സിനെ ഹൈക്കോടതിയുടെ വിലക്ക് ഉണ്ടായിരുന്നിട്ടും 2002-ൽ സർവ്വീസിൽ തിരിച്ചെടുക്കുകയും അവരുടെ ആനുകൂല്യങ്ങൾ മുൻകാലപ്രാബല്യത്തോടെ ആർ.സി.സി. നൽകണമെന്ന നിർദ്ദേശവും വിമർശനാത്മകമാണ്. ശ്രീ. കെ. സുധാകരൻ എം.പി.-ക്കെതിരെ നടന്ന വെളിപ്പെടുത്തലുകളെക്കുറിച്ച് അന്വേഷിക്കണം. സാമ്പത്തികഭാരം മുതലാളിമാരെ ബാധിക്കാത്ത വിധത്തിൽ തൊഴിലാളികളുടെ കൂലി വെട്ടിക്കുറച്ച് മുന്നോട്ടുപോകുന്ന നവലിബറൽ നയം സ്വീകരിക്കുന്നത് ശരിയല്ല. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ നൽകാനുള്ള നീക്കം പ്രതിഷേധാർഹമാണ്.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): ഇൻകം സപ്പോർട്ട് സ്കീം പ്രകാരം ഖാദി തൊഴിലാളികൾക്ക് മിനിമം വേജസും പ്രൊഡക്ഷൻ ഇൻസെന്റീവും ഏർപ്പെടുത്തുകയും വർഷം മുഴുവൻ തൊഴിൽ ലഭിക്കുന്ന അവസ്ഥയുണ്ടാക്കുകയും ചെയ്തു. ഖാദി ഉല്പന്നങ്ങളുടെ ഉല്പാദനവും വിൽപ്പനയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഖാദി ഉല്പന്നങ്ങളുടെ വിലപിടിച്ചുനിർത്താൻവേണ്ടി 20 ശതമാനം സ്ഥിര റിബേറ്റും 10 ശതമാനം ഉത്സവകാല റിബേറ്റും കൊടുക്കുന്നുണ്ട്. ഗോപിനാഥൻ നായർ കമ്മിറ്റിയുടെ പ്രൊപ്പോസൽ അനുസരിച്ച് ചർക്കയിൽ പവർ ഉപയോഗിക്കാനും തറികളിൽ റെഡിമെയ്ഡ് പാവ് ഉപയോഗിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഖാദി ഗ്രാമവ്യവസായ മേഖലയിൽ 4737 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു. ഖാദി

ഗ്രാമവ്യവസായ ബോർഡിൽനിന്നും സി.ബി.സി. പദ്ധതിപ്രകാരം വായ്പ യെടുത്തവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഏർപ്പെടുത്തി വായ്പാ കുടിശ്ശിക പിരിച്ചെടുക്കുകയും പിഴപ്പലിശ ഇനത്തിൽ 106 ലക്ഷം രൂപയുടെ ഇളവ് നൽകുകയും ചെയ്തു. പാലക്കാട് ജില്ലയിലെ ചിതലിയിൽ പട്ടികജാതി ക്കാർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടി സിൽക്ക് യൂണിറ്റ് സ്ഥാപിച്ചു. പാല ക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകൾക്കുവേണ്ടി ഖാദി ക്ലസ്റ്റർ സ്ഥാപിക്കുന്നതിന് 149 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഖാദി ബോർഡിന്റെ സ്ഥലവും കെട്ടിടവും ഉപയോഗപ്പെടുത്തി ഗ്രാമ വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതാണ്. കൊല്ലം ജില്ലയിലെ കാവനാട് ഗ്രാമവ്യവസായ പാർക്കി നായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഖാദി നൂൽപ്പുകാർക്കും നെയ്ത്തുകാർക്കും ഉല്പാദന ഇൻസെന്റീവ് നൽകുന്നതിനും നെയ്ത്തു മേഖല ശക്തിപ്പെടുത്തുന്നതിനുമായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദാന പരിപാടിക്കനുസൃതമായി 5 ലക്ഷം രൂപയിൽകൂടുതൽ ചെലവ് വരുന്ന ഖാദിഗ്രാമ വ്യവസായ യൂണിറ്റുകളെ സഹായിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. വ്യവസ്ഥകൾക്ക് വിധേയമായി പരമാവധി 40 ശതമാനം വരെ മാർജിൻ മണി നൽകുന്നതിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): വ്യവസായ രംഗത്ത് വലിയ തോതിലുള്ള സാമ്പത്തിക വളർച്ച ഉണ്ടാക്കാൻ സാധിച്ചാൽ മാത്രമേ സാമൂഹ്യക്ഷേമ പദ്ധതികളുൾപ്പെ ടെയുള്ള ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നല്ല രീതിയിൽ നടത്താൻ

സാധിക്കുകയുള്ളൂ. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് താരതമ്യേന കൂടുതൽ വികസന സാധ്യതകളുള്ള കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്ക് സ്വകാര്യ നിക്ഷേപം അത്യാവശ്യമാണ്. ജിം, എമർജിംഗ് കേരള പോലുള്ള സംരംഭങ്ങൾ വ്യവസായ രംഗത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കാൻ ഉദ്ദേശിച്ചുള്ളവയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിലുമുള്ള നൂതന സാങ്കേതിക ആശയങ്ങളും നിക്ഷേപങ്ങളും സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാനായാൽ ഫുഡ് പ്രോസസ്സിംഗ്, ഐ.ടി., ഇൻഫ്രാസ്ട്രക്ച്ചർ, എഡ്യൂക്കേഷൻ, ഹെൽത്ത് തുടങ്ങി സമസ്ത മേഖലകളിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ച അക്ഷയ കേന്ദ്രങ്ങൾ ഇന്ന് വൻ വിജയമായിരിക്കുകയാണ്. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം എംപ്ലോയ്മെന്റ് ജനറേറ്റ് ചെയ്യാനുതകുന്ന മേഖലകളെ വികസിപ്പിക്കാനും കഴിയണം. എമർജിംഗ് കേരള പദ്ധതി രണ്ട് വർഷത്തിലൊരിക്കൽ നടത്താനാണ് ഉദ്ദേശിക്കുന്നത്. പെരുമ്പാവൂർ ട്രാവൻകൂർ റയോൺസിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ 19 എണ്ണം മാത്രമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യുവർമെന്റുൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് സുതാര്യത കർശനമാക്കുന്നതാണ്. മലബാർ സിമെന്റ്സ് അഴിമതി രഹിതമായി പ്രവർത്തിക്കുന്ന കമ്പനിയായി മാറിക്കഴിഞ്ഞു. മലബാർ സിമെന്റ്സുമായി ബന്ധപ്പെട്ട കേസ്സുകളിലെ അന്വേഷണ റിപ്പോർട്ടുകളിലുണ്ടായിട്ടുള്ള ശുപാർശ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയ്ക്ക് കഴിഞ്ഞവർഷത്തേക്കാൾ കൂടുതൽ തുക വകയിരു

ത്തിയിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ അടച്ചു പൂട്ടുകയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളെല്ലാം അതേ രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നിയോജകമണ്ഡലങ്ങളിൽ സാറ്റലൈറ്റ് ടെക്നോ പാർക്കുകൾ തുടങ്ങാൻ തയ്യാറാണ്. സ്മാർട്ട് സിറ്റിയുടെ ബാക്കി വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. വർക്കലയിൽ ടൂറിസത്തിന് പ്രാധാന്യം കൊടുക്കാൻ ഉദ്ദേശിക്കുന്നു. സൈബർ പാർക്ക് യാഥാർത്ഥ്യമാക്കുന്നതാണ്. പുഴയ്ക്കൽ മൾട്ടിസ്റ്റോറേജ് ഇൻഡസ്ട്രീയൽ എസ്റ്റേറ്റിന്റെ വർക്ക് ഉടൻ ആരംഭിക്കുന്നതാണ്. മെച്ചപ്പെട്ട പ്രോജക്ട് കൊണ്ടുവന്ന് ഗ്വാളിയാർ റയോൺസിന്റെ സ്ഥലം ഉപയോഗപ്പെടുത്തുന്നതാണ്. ന്യൂ ജനറേഷൻ ഇൻഡസ്ട്രിയേയും സാമൂഹ്യ സുരക്ഷാ സ്കീമുകളേയും പ്രോൽസാഹിപ്പിക്കുന്നതാണ്. ആറന്മുള്ള എയർപോർട്ടിന്റെ ബാക്കി സ്ഥലം ഒഴിവാക്കിക്കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. റിയാബ്-ലെ നിയമനങ്ങളിൽ സുതാര്യമായ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. മാതൃകാ സാങ്കേതിക വിദ്യ ഉപയോഗിച്ച് പരമ്പരാഗത വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കുന്നതാണ്. കേരളത്തെ ഇ-ഗവേണൻസിലൂടെ നമ്പർ വൺ ഇലക്ട്രോണിക് സ്റ്റേറ്റാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : കയറുല്പന്നങ്ങളുടെ കയറ്റുമതിയിൽ 2011-12-ൽ 145 കോടി രൂപയുടെ വർദ്ധനവാണുണ്ടായിട്ടുള്ളത്. തൊഴിലാളികളുടെ കൂലി 45 ശതമാനംവരെ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് 9.90

കോടി രൂപ പ്രവർത്തന ഗ്രാന്റ് നൽകിയിട്ടുണ്ട്. തൊണ്ട് ശേഖരണരംഗത്ത് കൂടുതൽ പ്രോൽസാഹനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. കയർപിരി സംഘങ്ങൾക്ക് ചകിരി സംഭരിക്കുന്നതിന് ഒരു ലക്ഷം രൂപ വരെ റിവോൾവിംഗ് ഫണ്ട് നൽകിവരുന്നുണ്ട്. കയർപിരി മേഖലയിലെ തൊഴിലാളി കളുടെ കൂലി ഇൻകം സപ്പോർട്ട് സ്കീമിലൂടെ 285 രൂപയായി വർദ്ധിപ്പി ക്കുകയും അത് ബാങ്ക് വഴി ലഭ്യമാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ക്രയവിലസ്ഥിരതാ പദ്ധതിക്ക് 24 കോടി രൂപ വകയിരുത്താൻ കഴിഞ്ഞിട്ടു ണ്ട്. കയർഫെഡുമായി സഹകരിച്ച് മട്ടാഞ്ചേരി, പള്ളുരുത്തി, മുനമ്പം എന്നി വിടങ്ങളിൽ കയർഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കു ന്നുതാണ്. കൂടുതൽ തൊണ്ട് സംഭരിക്കാനും തമിഴ്നാട്ടിലേക്ക് തൊണ്ട് കൊണ്ടുപോകുന്നത് നിയന്ത്രിക്കാനും നടപടി സ്വീകരിക്കുന്നതാണ്. കയർഭൂ വസ്ത്ര വിൽപ്പനയിലൂടെ ഈ വർഷം 16 കോടി രൂപയുടെ വരുമാനം ഉണ്ടാ ക്കാനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ കേരളയിലൂടെ കയറിന്റെ വിദേശ വിപണനം ശക്തിപ്പെടുത്താനും വരുമാനം വർദ്ധിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2006-നുമുമ്പ് റിട്ടയർ ചെയ്തവർക്കുകൂടി പെൻഷൻ ആനുകൂല്യം നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.. വൈവിദ്ധ്യ വൽക്കരണത്തിന്റെ ഭാഗമായി ഒട്ടനവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാ ക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി <u>(ശ്രീ. ഉമ്മൻ ചാണ്ടി)</u>. മുൻ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള കേസ് പിൻവലിച്ചതിനെക്കുറിച്ച് പ്രതിപക്ഷനേതാവ് നടത്തിയ പരാമർശം വാസ്തവവിരുദ്ധമാണ്. ഒരു ഉദ്യോഗസ്ഥനെ ഡയറക്ടർ ബോർഡ്

യോഗത്തിൽ പങ്കെടുത്തതിന്റെ പേരിൽ പ്രതിയാക്കുന്നത് തെറ്റാണെന്ന് യു.ഡി.എഫ്. നയപരമായ തീരുമാനമെടുക്കുകയാണുണ്ടായത്. ആർ.സി.സി.-യിലെ നിയമനവുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാരിന് വ്യക്തമായ നിലപാടുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല. രാഷ്ട്രീയ കൊലപാതകങ്ങളെ സംബന്ധിച്ച കേസ്സന്വേഷണം നിയമനടപടികൾ പൂർത്തിയാക്കി നീതിപൂർവ്വമായി മുന്നോട്ടുപോകുന്നതാണ്.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിക്കപ്പെട്ടു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥന 59-നെതിരെ 72 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയേയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയേയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയേയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയേയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കേണ്ട ധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## അറിയിപ്പ്

മി. സ്പീക്കർ: ടൂറിസം വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ നിയമസഭാംഗങ്ങൾക്ക് പരിചയപ്പെടുത്തുന്ന 'വിജയപഥം' പരിപാടി ഇന്ന് വൈകുന്നേരം 6.30-ന് മസ്കറ്റ് ഹോട്ടലിലെ സിംഫണി ഹാളിൽ സംഘടിപ്പിച്ചിട്ടുണ്ട്. അംഗങ്ങൾക്ക് പ്രസ്തുത പരിപാടിയിൽ പങ്കെടുക്കുന്നതിന് നിയമസഭാ ഹോസ്റ്റലിൽനിന്നും വൈകുന്നേരം 6.00 മണിക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

സഭ വൈകുന്നേരം 4.18-ന് പിരിഞ്ഞു.

* * * * * * * * * * * * * * *